61st Kerala State School Kalolsavam - Jan 03 To 07, 2023

Kozhikode

Item Code: 639 Participant Code: 101

# "അവൾ ഞാൻ തന്നെയെന്ന്"

ഇത്,

ചേർ മണത്തിനായെന്ന് ചൊന്നവൻ
ചോര മണത്തിനായ് നാവു നീട്ടുന്നിടം.
പൂമണം തൂകുന്ന വഴിയല്ലിത്
പൂക്കും ഇതൾ അരിഞ്ഞുചീളിടുന്നിടം

ഇത്,
ആർത്തിരമ്പുന്ന അമ്മ മനസ്സിന്റെ
ആർത്തനാദം നിലക്കാത്തൊരിരുളിടം
അടഞ്ഞ വാതിലുകൾക്കിരുപുറവും
അമർന്ന നിലവിളി ഉയരുന്നിടം.

വെളിച്ചത്തിനും ഇരുട്ടിനെ
മതിയെന്ന് ചൊല്ലവെ,
നിനക്കു കൂട്ടിനവളുണ്ട്...

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

മണ്ണിനെ, വിണ്ണിനെ, പെണ്ണിനെ
തൊട്ടിടിൽ,
അവതരിക്കുന്ന ഒരുത്തി (ഒരു തീ)

ഒരു ചിലമ്പിനാൽ ഒരു കുലം
മുടിച്ചവൾ,
ഒറ്റ മുലച്ചിയാം 'കണ്ണകി'യവൾ

ഹേ.... *മഹ്സ,
നിന്റെ തലയ്ക്കു നേരെ ഉയർന്ന
വിരലുകൾ അവൾ വെട്ടിയരിയും.
നിന്റെ വിരല്ലു മുടിയിഴകൾക്കും
അപ്പോൾ കാറ്റിനെ ചുംബിക്കാം,
അമ്പിളിക്കല നെറ്റിയിൽ ചൂടാം,
അക്ഷരങ്ങളെ കൊരുത്തയടിക്കാം.

ഇവിടെ ചിലമ്പൊലി
ചിന്നങ്ങളായിടും.
അവ യുഗം ചുരുട്ടിക്കും

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

61-ാമത് കേരള സ്കൂൾ കലോത്സവം 2023 ജനുവരി 3 - 7 കോഴിക്കോട്

Item Code: 639 Participant Code: 101

നിന്റെ പൊട്ടി ചലമൊലിക്കും
ഓർമ്മകൾ.
അവരുടെ നിശ്വാസങ്ങളിൽ
ഉണങ്ങാനിടുക.
നൂൽ വിട്ട കുപ്പായങ്ങൾ
ഗംഗയുടെ ഓളങ്ങളെ
പുണരട്ടെ
വിഷം ചഴിയ നക്ഷത്രങ്ങളെ
അവരുടെ കണ്ണീരാൽ
ശുദ്ധീകരിക്കാം.
*വാളയാറിലും *സൂര്യനെല്ലിയിലും
*ഹത്റസിലും *ഡൽഹിയിലും
അവൾ ചിലമ്പണിഞ്ഞാടും.
ചിരിച്ചും കരയിച്ചും
കൊന്നും കൊല്ലിച്ചും
ചെവികൾ കടിച്ചുതുന്നപ്പോൾ
അവൾ കനലായ്,
കൊടുങ്കാറ്റായ്
മേഘവിസ്ഫോടനമായ്
സർവ്വം നാശിനിയാവും.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പാതി ഇരുട്ടും, പാതി വെളിച്ചവും
ഇരുട്ട് ഇരുട്ടിനെ പുണർന്നിരിക്കവെ
അവൾക്കൊപ്പം ഈ വഴി നടക്കാം...
~~കൽപടികളിൽ~~
കൽപടികളിൽ സമയമാം പാത
ഓടിയൊളിക്കവെ,
അവൾ ഇരുട്ടു പിടിഞ്ഞ്
വെളിച്ചം പരത്തും.
സൂര്യ രശ്മികളാൽ കലഹം
നടത്തും
നിന്റെ ചിറകുകൾ നെയ്തു
തരും.
അവളാം തിമരയിൽ
ഇന്ന് എരിയുമ്പോൾ
നിനക്കു പറയാം,
"അവൾ ഞാൻ തന്നെയെന്ന്"

*മഹ്സ അമീനി - ഇറാനിൽ വസ്ത്ര നിയമം
ലംഘിച്ചതിന്റെ പേരിൽ അറസ്റ്റ്

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

ചെയ്യപ്പെട്ട്, ഒടുവിൽ പോലീസ് മർദ്ദനത്തിൽ
മരണമടഞ്ഞ പെൺകുട്ടി.

*വാളയാർ, സൂര്യനെല്ലി,
ഡൽഹി, ഹത്റസ് - ഇന്ത്യയിൽ പെൺകുട്ടി-
കൾക്കുനേരെ ആക്രമണ-
ങ്ങൾ ഉണ്ടായ ചില
സ്ഥലങ്ങൾ.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)